(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി സാമൂഹ്യ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിസരശുചിത്വം ഉറപ്പു വരുത്തുക, കൊതുക് നിവാരണ പ്രവർത്തനങ്ങൾ എല്ലാ സ്ഥലത്തേയ്ക്കും വ്യാപിപ്പിക്കുക, കൊതുകുകൾ കൂടുതലുള്ള പ്രദേശങ്ങളിൽ സ്പ്രേ ചെയ്യുക, ഡെങ്കിപ്പനി, മലമ്പനി മുതലായവ കണ്ടെത്തിയ പ്രദേശങ്ങളിൽ ഫോഗിംഗ് നടത്തുക എന്നിവയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഒപ്പംതന്നെ മാലിന്യ നിർമ്മാർജ്ജനവും ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും എല്ലാ പ്രദേശത്തും ഊർജ്ജിതമായി നടപ്പാക്കിവരുന്നു.

(സി) ഉണ്ട്. ഐ.എം.എ., കുടുംബശ്രീ, നെഹ്റു യുവ കേന്ദ്ര, റെസിഡൻഷ്യൽ അസോസിയേഷനുകൾ, മറ്റ് സർക്കാരിതര സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തിയാണ് ഇപ്പോഴത്തെ പ്രവർത്തനങ്ങൽ നടത്തുന്നത്. അതുപോലെതന്നെ എല്ലാ ഡിപ്പാർട്ടുമെന്റുകളെയും സ്വയംഭരണ സ്ഥാപനങ്ങളേയും സഹകരിപ്പിച്ചുകൊണ്ട് വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും എല്ലാ വിദ്യാർത്ഥികളേയും ഗവൺമെന്റ് ജീവനക്കാരേയും പങ്കെടുപ്പിച്ചുകൊണ്ട് റാലികളും പൊതു യോഗങ്ങളും മറ്റും നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും മൂന്ന് ഫോഗിംഗ് മെഷീൻ വീതം വാങ്ങുവാനും അതുപോലെതന്നെ ഓരോ വാർഡിലും ഓരോ സ്പ്രേയർ വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ജീവനക്കാരേയും സന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തി വിപുലമായ പദ്ധതിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

പകർച്ചവ്യാധികൾ തടയുന്നതിന് വിവിധ പദ്ധതികൾ

136 (4371) ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പകർച്ചവ്യാധികൾ തടയുന്നതിന് പഞ്ചായത്തുതലത്തിൽ ബോധവൽക്കരണം നടത്തുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, സ്കൂളുകളിൽ പ്രതിരോധ കുത്തിവയ്പുകൾ ഏർപ്പെടുത്തുക എന്നീ നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly